

# താഴ്‌വര... പുൽമേട്... കുറിഞ്ഞിച്ചെടികൾ.. ചെറുമരങ്ങൾ

ചിത്രം– ഹരി പാമ്പൂർ

**ഈയിടെ കേരളീയം സുഹൃത്തുക്കൾ നടത്തിയ കുടജാദ്രിയാത്രയുടെ ഒരനുഭവക്കുറിപ്പ്......**

**സുജ**

ഇളം നീല കുട നിവർത്തി, അനന്തതയോളം വിടർന്ന്, മാനം. ആ മനോജ്ഞാകാശം അതിരുവിടുന്ന ഒരു കുന്നിൻചെരിവ്. നേർത്ത ഒറ്റയടിപ്പാത കൊണ്ട് രണ്ടായി വിഭജിക്കപ്പെടുന്ന ആ താഴ്‌വരയുടെ ഒരു വശം സ്വർണ്ണവർണ്ണമുള്ള പുൽമേട്. മറുവശം വയലറ്റും വെള്ളയും പൂക്കൾ ചൂടിയ കുറിഞ്ഞിച്ചെടികളും, കടുംചുവപ്പ് ഇലകളുള്ള പേരറിയാത്ത ചെറുമരങ്ങളും.

നിറങ്ങളും, നിഴലുകളും വെളിച്ചവും ഒക്കെ ചേർത്തൊരുക്കുന്ന മനോഹരങ്ങളായ പ്രകൃതി ദൃശ്യങ്ങൾ നേരത്തേയും കണ്ടിട്ടുണ്ട്. പക്ഷേ, ഇത്രയും അലൗകീകമായൊരു സൗന്ദര്യദർശനം....., അതുണർത്തിയ അനവദ്യമായ അനുഭൂതി....

എന്റെ പ്രണയത്തിന്റെ ഏറ്റവും സാന്ദ്രമായ ചില മുഹൂർത്തങ്ങളിലെന്ന പോലെ, എന്റെ ഭക്തിയുടെ ഏറ്റവും തീക്ഷ്ണമായ നിമിഷങ്ങളിലെന്ന പോലെ, എന്റെ ഏകാന്തതയുടെ ചില അതിഗാഢ നേരങ്ങളിലെന്ന പോലെ...... നിറവിന്റെ ആഴമുള്ള ഒരു നിശബ്ദത ഞാനറിഞ്ഞു. നിർവൃതിയുടെ, ഏറ്റവും ചലനാത്മകമായ ഒരു നിശ്ചലത എന്നെ തൊട്ടു. അത്യഗാധമായ ഒരാനന്ദത്താൽ എന്റെ കണ്ണുകൾ ഈറനണിഞ്ഞു. ശിരസു നമിച്ച്, ആ അനാദൃശ്യപ്രഭാവത്തെ ഒന്നു വണങ്ങി..... പിന്നെയും മുന്നോട്ടുവച്ചു ചുവടുകൾ... യാത്ര തുടരേണ്ടതുണ്ട് എന്നതിനാൽ ....... നന്ദി. യാത്രാസംഘത്തിന്......

കെ.ആർ ഡബ്ല്യു.എ 76 എ.
ഐ.എ.എസ്. കോളനി,
വട്ടിയൂർക്കാവ്, തിരുവനന്തപുരം 13

**പുതിയ ഡോക്യുമെന്ററികൾ**

**ഫില്ലിംഗ് ദ ബ്ലാങ്ക്സ്**
(ഓട്ടോ ഡ്രൈവറായിരുന്ന ദളിത് യുവതി ചിത്രലേഖയുടെ ദുരനുഭവങ്ങൾ)
സംവിധാനം : ശ്രീമിത്ത്

**പോയ്സൺ ഓൺ ദ പ്ലാറ്റർ**
(ജി.എം. പരീക്ഷണങ്ങൾക്കെതിരെ)
33 മിനിറ്റ്
സംവിധാനം : അജയ് കാഞ്ചൽ.
നിർമ്മാണം : മഹേഷ് ഭട്ട്

**ഭൂമിയ്ക്കുവേണ്ടി അവസാനത്തെ ബലി**
(ചെങ്ങറ സമരം) 37 മിനിറ്റ്
സംവിധാനം : സി. ശരത്ചന്ദ്രൻ.
നിർമ്മാണം : തേഡ് ഐ

**ഡയസ്പോറ – ഗലേറിയ ഓഫ് വാണ്ടറേഴ്സ്**
(അതിരപ്പിള്ളിയിലെ ആദിവാസി കുടിയൊഴിപ്പിക്കലുകൾ) 25 മിനിറ്റ്
സംവിധാനം : അഡ്വ. ആർ.കെ. ആശ

**വി.സി.ഡി./ഡി.വി.ഡി./കോപ്പികൾക്ക്**
കേരളീയം